(സി) 2001-02-ൽ 2707 കോടി 15 ലക്ഷം രൂപയും 2002-2003-ൽ 3108 കോടി 13 ലക്ഷം രൂപയും സ്ഥിരനിക്ഷേപമായി ട്രഷറികളിൽ സമാഹരിച്ചിട്ടുണ്ട്.

(ഡി) ട്രഷറി മുഖേന സ്വരൂപിക്കുന്ന പണം വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പൊതു ചെലവുകൾക്ക് വിനിയോഗിക്കുന്നു.

(ഇ) ഗവൺമെന്റ് ഇപ്പോൾ പാലിച്ചു വരുന്ന സാമ്പത്തിക അച്ചടക്കംമൂലം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നതിനാൽ ട്രഷറി നിക്ഷേപം തിരിച്ചു നൽകുന്നതിന് ബുദ്ധിമുട്ടേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കുന്നു.

മഹിളാ പ്രധാൻമാരുടെ കർത്തവ്യങ്ങളും നിയമനവും

7 (2455) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ പ്രധാൻമാരുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം തരത്തിലുള്ള സമ്പാദ്യ പദ്ധതികളിൽ ആളിനെ ചേർക്കുവാനും തുക പിരിക്കാനുമുള്ള ബാദ്ധ്യത അവർക്കുണ്ടെന്ന് പറയാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ കൂടുതൽ ആളുകളെ ചേർക്കുന്നതിനായി മഹിളാപ്രധാൻമാരെ പുതുതായി നിയോഗിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) പുതിയ മഹിളാ പ്രധാൻമാരെ അംഗീകരിക്കണമെന്ന് ഉത്തരവില്ലെന്നറിയിച്ച് പുതുതായി മഹിളാപ്രധാൻമാരായി നിയോഗിക്കപ്പെടുന്നതിന് നാഷണൽ സേവിംഗ്സ് ജോയിന്റ് ഡയറക്ടർമാർ ശുപാർശ ചെയ്യുന്നവരെ പോസ്റ്റാഫീസധികൃതർ അംഗീകരിക്കാൻ വിസമ്മതിക്കുന്നുണ്ടോ ;

(ഇ) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എറണാകുളം ഹെഡ് പോസ്റ്റാഫീസധികൃതർ പുതിയ മഹിളാപ്രധാൻമാരെ അംഗീകരിക്കാതിരുന്നിട്ടുണ്ടോ എന്നന്വേഷിക്കുമോ ;

(എഫ്) പുതിയ മഹിളാപ്രധാൻമാരെ നിയോഗിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) മിതവ്യയശീലവും സമ്പാദ്യശീലവും ജനങ്ങളിൽ വളർത്തിയെടുക്കുകയെന്ന ഉദ്ദേശത്തോടുകൂടി അഞ്ച് വർഷ പോസ്റ്റാഫീസ് ആവർത്തന നിക്ഷേപ അക്കൗണ്ടിലേക്ക് നിക്ഷേപകരെ ചേർക്കുകയും അവരിൽ നിന്നും പ്രതിമാസം രസീത് നൽകി നിക്ഷേപം സ്വീകരിച്ച് പോസ്റ്റാഫീസിൽ അടയ്ക്കുകയും പാസ് ബുക്ക് നിക്ഷേപകർക്ക് മടക്കി നൽകുകയും ചെയ്യുകയെന്നതാണ് മഹിളാ പ്രധാൻ ഏജന്റുമാരുടെ പ്രധാന കർത്തവ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ച് വർഷ ആവർത്തന നിക്ഷേപ പദ്ധതിയിൽ ആളിനെ ചേർക്കാനും നിക്ഷേപങ്ങൾ വാങ്ങാനും വാങ്ങിയ തുക പോസ്റ്റാഫീസിൽ നിക്ഷേപിച്ചതിന്റെ രേഖകൾ നിക്ഷേപകന് നൽകാനുമുള്ള ബാദ്ധ്യതയാണ് മഹിളാപ്രധാൻ ഏജന്റുമാർക്കുള്ളത്.

(സി) ഉദ്ദേശമുണ്ട്.

(ഡി) ഉണ്ട്.

(ഇ) അന്വേഷിക്കും.

(എഫ്) പോസ്റ്റൽ അധികാരികളുടെ സമ്മതത്തിന് വിധേയമായി പുതിയ ഏജന്റുമാരെ നിയോഗിക്കുവാൻ നടപടി എടുക്കുന്നതാണ്.

സർച്ചാർജ് ഇനത്തിൽ ലഭിച്ച തുക

8 (2458) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി സർച്ചാർജിനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ഗവൺമെന്റിന് ലഭിച്ച തുക വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(ബി) 2001 ആഗസ്റ്റ് 1 മുതൽ വില്പന നികുതിയിന്മേൽ 15% അധിക നികുതി ഏർപ്പെടുത്തിയതുമൂലം എത്ര രൂപ വരുമാനം 2003 മാർച്ച് 31 വരെ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) സർച്ചാർജ് ആണോ, 15% അധിക വില്പന നികുതിയാണോ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വില്പന നികുതി പിരിവിലെ കുറവുമൂലം ഖജനാവിനുണ്ടായ നഷ്ടം

9 (2457) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്പന നികുതിയിനത്തിൽ 2001-02, 2002-03 വർഷങ്ങളിൽ എന്തു തുക പിരിച്ചെടുത്തുവെന്ന് പറയാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വില്പന നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly